13 -ാം കേരള നിയമസഭയുടെ 9 -ാം സമ്മേളനം
നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T 3780
25.06.2013 - ലെ മറുപടിക്ക്

വിഷയം : **ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം നിയന്ത്രിക്കാൻ നടപടികൾ**

**ചോദ്യം**

ശ്രീ. എം. ചന്ദ്രൻ
ശ്രീ. പി.റ്റി.എ. റഹീം
ശ്രീ. ബി. സത്യൻ
ശ്രീ. സാജു പോൾ

**ഉത്തരം**

ശ്രീ. കെ.എം.മാണി
ബഹു: ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പു മന്ത്രി

| | |
|---|---|
| (എ) ഔദ്യോഗിക വാഹനങ്ങൾ ഉൾപ്പെടെയുള്ള സംവിധാനങ്ങളുടെ ദുരുപയോഗം വ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇതിനെ നിയന്ത്രിക്കാനുള്ള നടപടികൾ ധനകാര്യ പരിശോധനാ വിഭാഗം ശക്തിപ്പെടുത്തുമോ; | (എ) സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം നിയന്ത്രിക്കുന്നതിനായി ധനകാര്യ പരിശോധനാ വിഭാഗം GO(MS) No. 113/2003/Fin dated 24/02/2003 Circular No. 41/2008/Fin dated 02/08/2008 GO(P) No. 293/2010/Fin dated 20/05/2010 എന്നിവയിലൂടെ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിനായി ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ 9 സെക്ഷനുകളും 14 ജില്ലകളിലെ ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡുകളും ഉൾപ്പെടെ സംസ്ഥാനത്തുടനീളം വാഹന പരിശോധന നടത്തുന്നതിന് ശക്തമായ സംവിധാനം ഇപ്പോൾ നിലവിലുണ്ട്. |
| (ബി) സംസ്ഥാന സർക്കാരിന്റേത് എന്ന് ബോർഡ് വെച്ചിട്ടുള്ള വാഹനങ്ങൾ അനൗദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കപ്പെടുന്ന നിരന്തര റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ചട്ടങ്ങളും വ്യവസ്ഥകളും പാലിക്കാതെ ഔദ്യോഗിക വാഹനങ്ങളും സംവിധാനങ്ങളും ദുരുപയോഗം ചെയ്ത എത്ര സംഭവങ്ങൾ ഈ സർക്കാരിന്റെ കാലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; എത്രയെണ്ണത്തിൽ നടപടി സ്വീകരിക്കുകയുണ്ടായി; ഇതിനായി കുറ്റമറ്റ പരിശോധനാ സംവിധാനങ്ങൾ ധനകാര്യ വകുപ്പിന് ഉണ്ടോ എന്ന് അറിയിക്കുമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ വാഹന പരിശോധനകളിൽ 162 സർക്കാർ സർക്കാർ, അർദ്ധസർക്കാർ പൊതുമേഖലാ വിഭാഗങ്ങളുടെ വാഹനങ്ങൾ ദുരുപയോഗം ചെയ്തതായി കണ്ടെത്തുകയും തുടർ നടപടികൾക്കായി ബന്ധപ്പെട്ട ഭരണവകുപ്പിന് അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ 9 സെക്ഷനുകളും 14 ജില്ലകളിലെ ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡുകളും വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന് സംസ്ഥാനത്തുടനീളം വാഹന പരിശോധന നടത്തി വരുന്നു. ടി കാര്യങ്ങൾക്കായി കുറ്റമറ്റ സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ